റാശിദുൽ ഗനൂശി /
ഡോ. അബ്ദുസ്സലാം വാണിയമ്പലം



# ‘ഇസ്‌ലാം അന്തിമവിജയത്തിലേക്ക് ചുവടുവെക്കുന്നു’

2008 ഫെബ്രുവരി 24-ന് നടന്ന ശാന്തപുരം അൽ ജാമിഅ ബിരുദദാന സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ശൈഖ് റാശിദുൽ ഗനൂശി, പുതിയ ലോകത്തിന്റെ ഇസ്‌ലാമിക ദാർശനികൻ, ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ മസ്തിഷ്കം എന്നീ വിശേഷണങ്ങളെ അന്വർഥമാക്കുന്ന ശ്രദ്ധേയമായ പ്രഭാഷണങ്ങളാണ് കേരളത്തിലും ദൽഹിയിലും മുംബൈയിലും ഹൈദരാബാദിലും നിർവഹിച്ചത്. അടുക്കിവെച്ച ചിന്തകൾ, അനുഭവത്തിൽ ചാലിച്ചെടുത്ത കാഴ്ചപ്പാടുകൾ, പഴുതടച്ച അവതരണ രീതി എന്നിവ അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്.

**അദ്ദേഹവുമായി നടത്തിയ സംഭാഷണങ്ങളുടെ പ്രസക്ത ഭാഗങ്ങൾ:**

**◣ ടുനീഷ്യയിൽ എത്രവർഷമാണ് താങ്കൾ തടവിലാക്കപ്പെട്ടത്? തടവുകാലത്ത് പീഡിപ്പിക്കപ്പെട്ടിരുന്നോ?**

അഞ്ചുവർഷമാണ് ജയിലിൽ കഴിഞ്ഞത്. എനിക്ക് കാര്യമായ പീഡനങ്ങളൊന്നുമുണ്ടായിട്ടില്ല. എന്നാൽ അടുത്ത സെല്ലുകളിൽ എന്റെ സഹോദരന്മാരെ പീഡിപ്പിക്കുന്ന ശബ്ദങ്ങൾ കേട്ടിരുന്നു. അക്കാലത്ത് ഞങ്ങളുടെ രണ്ടു പ്രവർത്തകരെ തൂക്കികൊന്നിട്ടുമുണ്ട്. ബുർഗീബയുടെ കാലത്താണത്. ഇന്നത്തെ പ്രസിഡന്റ് സൈനുൽ ആബിദീൻ ബിൻ അലിയായിരുന്നു അന്നത്തെ ആഭ്യന്തരമന്ത്രി. ഇസ്‌ലാമിസ്റ്റുകളെ വേട്ടയാടുന്നതിന് നേതൃത്വം കൊടുത്തത് അയാളായിരുന്നു.

തികഞ്ഞ ഇസ്‌ലാം വിരോധിയായിരുന്നു പ്രസിഡന്റ് ബുർഗീബ. റമദാനിൽ പരസ്യമായി കള്ളുകുടിച്ച്, നോമ്പനുഷ്ഠിക്കുന്നത് രാജ്യത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥക്ക് കാരണമാകുമെന്ന് പറഞ്ഞ തോന്ന്യാസി. അറബി ഭാഷയും പർദയും തുടങ്ങി ഇസ്‌ലാമിന്റെ സകല ചിഹ്നങ്ങളും നിരോധിച്ച സ്വേഛാധിപതി.

എന്നാലും അക്കാലത്ത് ജയിലിൽ നമസ്കരിക്കാനും വായിക്കാനുമൊക്കെ സ്വാതന്ത്ര്യമുണ്ടായിരുന്നു. ‘ഇസ്‌ലാമിക രാഷ്ട്രത്തിൽ അമുസ്‌ലിംകളുടെ അവകാശങ്ങൾ’ എന്ന കൃതി ഞാൻ രചിച്ചത് ജയിലിൽ വെച്ചായിരുന്നു. എന്നാൽ ഇന്ന് ജയിലിൽ അത്തരം സ്വാതന്ത്ര്യങ്ങൾ പോലും ഇസ്‌ലാമിസ്റ്റുകൾക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. മുപ്പതിനായിരത്തോളം ഇസ്‌ലാമിസ്റ്റുകൾ ഇന്നും തടവറയിലുണ്ട്. അവർ ജയിലിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുന്നതും രക്തസാക്ഷ്യം വരിക്കുന്നതുമൊക്കെ സാധാരണ സംഭവങ്ങളാണ്.

**◣ ഇപ്പോൾ താങ്കളോടുള്ള ടുനീഷ്യൻ അധികാരികളുടെ നിലപാട്?**

ലോകം മുഴുവൻ അവർ എനിക്കെതിരെ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അമേരിക്കയിലും മിക്ക അറബ്-യൂറോപ്യൻ രാജ്യങ്ങളിലും അതുകൊണ്ടു തന്നെ എനിക്ക് പ്രവേശനമില്ല.

**◣ ടുനീഷ്യയിൽ ഇസ്‌ലാമിന്റെയും പ്രസ്ഥാനത്തിന്റെയും ഭാവിയിൽ ശുഭപ്രതീക്ഷയുണ്ടോ?**

തീർച്ചയായും. നിലവിലുള്ള സ്വേഛാധിപത്യത്തിന് നിലനിൽപ്പില്ല. ജനങ്ങൾ ഒരു പരിധി കഴിഞ്ഞാൽ ഇളകിവശാകും. അതോടെ അത്ഭുതങ്ങൾ സംഭവിക്കും.

1979-ൽ ഞങ്ങളുടെ പ്രസ്ഥാനം തെരഞ്ഞെടുപ്പിൽ എഴുപതു ശതമാനം വോട്ടുനേടി വൻ വിജയം കരസ്ഥമാക്കിയതായിരുന്നു. ആ തെരഞ്ഞെടുപ്പാണ് അട്ടിമറിക്കപ്പെട്ടത്. പിന്നീട് സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. തെരഞ്ഞെടുപ്പു നാടകങ്ങളേ നടന്നിട്ടുള്ളൂ. പ്രസിഡന്റിനെതിരെ മത്സരിക്കുന്ന സ്ഥാനാർഥി പോലും 'ഞാൻ പ്രസിഡന്റിനാണ് വോട്ടു ചെയ്തത്' എന്നുവരെ പറയുന്ന നാടകം!

ഇന്നിപ്പോൾ ടുനീഷ്യയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തോട് കിടപിടിക്കുന്ന ഒരു പ്രസ്ഥാനം പോലുമില്ല. മുമ്പ് സെക്യുലരിസ്റ്റുകളുണ്ടായിരുന്നു. അവർ നാമാവശേഷമായി. ഇബ്നു അലിക്ക് ഭീഷണിയായുള്ളത് ഇസ്‌ലാമിക പ്രസ്ഥാനം മാത്രമാണ്. അതുതന്നെയാണ് പീഡനത്തിന്റെ ശക്തി വർധിക്കാൻ കാരണം.

ബുർഗീബ ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ നടത്തിയ ശ്രമങ്ങളുടെ ഫലമായി സകല ഇസ്‌ലാമിക ചിഹ്നങ്ങളും അപ്രത്യക്ഷമായിരുന്നു. ശേഷം 1974-ലാണ് ടുനീഷ്യയിൽ ആദ്യമായി ഒരു സ്ത്രീ ഇസ്‌ലാമിക വേഷവിധാനമണിഞ്ഞത്. ഇന്നിപ്പോൾ പർദ്ദയണിഞ്ഞ ലക്ഷങ്ങളെ നിങ്ങൾക്ക് ടുനീഷ്യയിൽ കാണാം.

**◣ ബ്രിട്ടനിൽ രാഷ്ട്രീയാഭയം തേടിയ താങ്കൾക്ക് അവിടെ വല്ല പ്രശ്നവുമുണ്ടോ?**

ബ്രിട്ടീഷ് നിയമങ്ങൾക്കനുസൃതമായാണ് രാഷ്ട്രീയാഭയം നൽകിയിരിക്കുന്നത്. സിയോണിസ്റ്റുകളും *ഡെയ്‌ലി ടെലഗ്രാഫ്* പോലുള്ള പ്രമുഖ പത്രങ്ങളും ചിലപ്പോൾ എനിക്കെതിരെ തിരിയാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ബ്രിട്ടീഷ് കോടതിയെ സമീപിക്കുകയാണ് പതിവ്. കോടതി എനിക്കനുകൂലമായി വിധിക്കുകയും ആരോപണങ്ങൾ നടത്തിയവരോട് നഷ്ടപരിഹാരം നൽകാൻ ഉത്തരവിടുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്.

ഖറദാവിക്ക് ഏറ്റവുമൊടുവിൽ ബ്രിട്ടനിൽ വിലക്കുണ്ടായതും ഇത്തരം പ്രചാരണങ്ങളുടെ ഫലമായാണ്. സിയോണിസ്റ്റുകളുടെ വിജയമാണത്. ഞാൻ പക്ഷേ, ഖറദാവിയുടെ അത്രതന്നെ സ്വാതന്ത്ര്യത്തോടെ രക്തസാക്ഷിത്വ ആക്രമണങ്ങൾ പോലുള്ള കാര്യങ്ങൾ സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യം എനിക്കില്ലല്ലോ.

**◣ ഈയടുത്ത് കാന്റർബറി ആർച്ച് ബിഷപ്പ് ഡോ. റോവൻ വില്യംസ് ബ്രിട്ടനിൽ ഇസ്‌ലാമിക ശരീഅത്തിലെ ചില നിയമങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടതിനെക്കുറിച്ച് എന്ത് പറയുന്നു?**

ബ്രിട്ടൻ പോലുള്ള ഒരാധുനിക രാഷ്ട്രത്തിന് ഫിറ്റായ നിയമങ്ങൾ ഇസ്‌ലാമിക ശരീഅത്തിലുണ്ടെന്ന ധാരണയുണ്ടാക്കാൻ, അതും മുസ്‌ലിമല്ലാത്ത ഒരാൾക്കുപോലും ബോധ്യപ്പെടുന്നതാണെന്ന് ധരിപ്പിക്കാൻ ആ പ്രസ്താവന സഹായകമായിട്ടുണ്ട്. അതിന്റെപേരിൽ ചർച്ചിനകത്തും പുറത്തും വലിയ എതിർപ്പുകളാണ് അദ്ദേഹത്തിന് നേരിടേണ്ടി വന്നത്. പക്ഷേ, പ്രസ്താവന പിൻവലിക്കാൻ അദ്ദേഹം തയാറായില്ല. സഭയിൽനിന്ന് അദ്ദേഹത്തെ നീക്കം ചെയ്യാൻ പ്രമേയം വന്നെങ്കിലും 160 പേരിൽ 62 പേർ മാത്രമേ പ്രമേയത്തെ പിന്തുണച്ചുള്ളൂ.

പ്രസ്താവനയിൽ ബഹളം വെക്കേണ്ട കാര്യമൊന്നുമില്ല. ബ്രിട്ടനിൽ ഇപ്പോൾതന്നെ ചില ഇസ്‌ലാമിക നിയമങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ലേ? ഉദാഹരണമായി, ഇസ്‌ലാമിക് ബാങ്കിംഗ് ബ്രിട്ടൻ നടപ്പിലാക്കുന്നു. പലിശരഹിത ഇസ്‌ലാമിക വ്യവസ്ഥയെ ആ രാജ്യം അംഗീകരിക്കുന്നുവെന്നതിന്റെ തെളിവല്ലേ അത്?

**◣ അടുത്തകാലത്തായി മുസ്‌ലിം ലോകത്ത് വളർന്നുവന്ന തീവ്രവാദ-ഭീകരവാദ പ്രവർത്തനങ്ങളെക്കുറിച്ചെന്തു പറയുന്നു? ബ്രിട്ടനിലെ 7/07 ആക്രമണം, സെപ്റ്റംബർ 11 സംഭവങ്ങൾ ഉദാഹരണങ്ങൾ. സെപ്റ്റംബർ 11 സംഭവങ്ങൾക്കു പിന്നിൽ അൽ ഖാഇദയല്ലെന്ന വാദത്തോട് യോജിക്കുന്നുണ്ടോ?**

ബ്രിട്ടനിലെ 7/07 ആക്രമണം ഒരു ദുരന്തം തന്നെയായിരുന്നു. അൽ ഖാഇദയാണതിനു പിന്നിലെന്ന് പറയപ്പെടുന്നു. വൻ വിഡ്ഢിത്തമായിരുന്നു ആ ഓപ്പറേഷൻ. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വലിയ ഹാനിയാണത് വരുത്തിവെച്ചത്.


സെപ്റ്റംബർ 11 സംഭവവും വ്യത്യസ്തമല്ല. അവർക്ക് മറ്റാരുടെയെങ്കിലും രഹസ്യ സഹായങ്ങൾ ലഭിച്ചിട്ടുണ്ടാകാം എന്നല്ലാതെ മറ്റാരെങ്കിലുമാണത് ചെയ്തത് എന്ന് പറയാനാകില്ല. ഏതായാലും ഇസ്‌ലാമിന്റെ പ്രതിഛായ കളങ്കപ്പെടുത്തുന്നതിൽ ആ സംഭവം വലിയ പങ്കുവഹിച്ചു.

**◣ ഫലസ്ത്വീൻ പ്രശ്നം കത്തിനിൽക്കുകയാണല്ലോ. ഇസ്രയേലിന്റെയും ഹമാസിന്റെയും ഭാവിയെക്കുറിച്ച്?**

ഹമാസ് ഗസ്സ പിടിച്ചടക്കിയ നീക്കം ശ്ലാഘനീയമാണ്. അവരുടെ മുമ്പിൽ മറ്റു മാർഗങ്ങളുണ്ടായിരുന്നില്ല. നിലനിൽക്കാൻ അർഹതയുള്ളവരാണവർ. ഫത്ഹിന്റെ കഥ കഴിഞ്ഞിരിക്കുന്നു. അവരുടെ നേതാവ് ദഹ്‌ലാൻ കൊട്ടാരത്തിലും ഹമാസ് നേതാവ് പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യ അഭയാർഥി ക്യാമ്പിലും കഴിയുന്നു. അതാണ് ഹമാസിന്റെ യോഗ്യത.

ശരീരത്തിൽ ചില വൈറസുകൾ കേറിയാൽ ശരീരത്തെ അവ ഉത്തേജിപ്പിക്കും എന്നതുപോലെ ഇസ്‌ലാമിക സമൂഹത്തെ ഉണർത്തി ഉത്തേജിപ്പിക്കുന്ന വൈറസാണ് ഇസ്രയേൽ. ഇസ്‌ലാമിക നവോത്ഥാനത്തിന് കാരണമായിട്ടുണ്ട് ഇസ്രയേലിന്റെ പിറവിയും ആ രാജ്യം നടത്തിക്കൊണ്ടിരിക്കുന്ന തോന്ന്യാസങ്ങളും. മുസ്‌ലിം ലോകത്ത് ഇസ്‌ലാമിസ്റ്റുകളേയും സെക്യുലരിസ്റ്റുകളേയും യോജിപ്പിച്ച വിഷയമാണ് ഫലസ്ത്വീൻ പ്രശ്നം. അത് ആ പ്രശ്നത്തിന്റെ മാത്രം പ്രത്യേകതയാണ്.

മരണപ്പിടച്ചിലാണ് ഇപ്പോൾ ഇസ്രയേൽ നടത്തിക്കൊണ്ടി



*ശാന്തപുരം അൽ ജാമിഅ ബിരുദദാന സമ്മേളനത്തിൽ*

രിക്കുന്നത്. ഭൂമുഖത്തുനിന്ന് അതു മായാൻ പോകുകയാണ്. പടിഞ്ഞാറിന് കൂടുതൽ കാലം അതിനെ താങ്ങിനിർത്താനാവില്ല. അവർക്ക് അവരുടെ താൽപര്യമാണ് വലുത്. ഇസ്‌ലാമിക ലോകവുമായി സമവായത്തിലെത്തുന്നതാണ് ബുദ്ധി എന്ന് പടിഞ്ഞാറിന് വൈകാതെ ബോധ്യപ്പെടും. അതോടെ അവർക്ക് ഇസ്രയേലിനെ കൈവിടേണ്ടിവരും. ഇസ്രയേൽ എന്ന ഒരു രാജ്യത്തിന് പിന്നെ നിലനിൽപ്പുണ്ടാവില്ല.

**◣ ഇസ്‌ലാമിക ലോകത്തിന്റെ ഭാവി?**

ഇസ്‌ലാമിക ലോകത്ത് സമീപഭാവിയിൽ മാറ്റങ്ങളുണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ. ഈജിപ്ത് കേന്ദ്രീകരിച്ചായിരിക്കും ആ മാറ്റം എന്നെനിക്കു തോന്നുന്നു. അവിടെയുള്ള അസംതൃപ്തരായ ജനങ്ങൾ മാറ്റത്തിനു നാന്ദികുറിക്കും. ഈജിപ്ത് മാറിക്കഴിഞ്ഞാൽ മറ്റുള്ളവർക്കും മാറേണ്ടിവരും.

**◣ ഇസ്‌ലാമിക നവോത്ഥാനത്തെക്കുറിച്ച് നാം ഊറ്റം കൊള്ളാൻ തുടങ്ങിയിട്ട് കുറച്ചായി. പക്ഷേ, ഇസ്‌ലാം ഇപ്പോഴും ഭീകരമായ ഉപരോധത്തിൽ തന്നെയാണ്. ഇസ്‌ലാമിസ്റ്റുകൾ ക്രൂരമായി പീഡിപ്പിക്കപ്പെടുന്നത് തുടരുന്നു. ഇസ്‌ലാമിക ലോകത്ത് അധിനിവേശം അവസാനിച്ചിട്ടില്ല. ഇതിനിടയിൽ താങ്കളെപ്പോലുള്ളവർ പറയുന്ന ഇസ്‌ലാമിന്റെ വിജയം എങ്ങനെ സംഭവിക്കാനാണ്?**

ഈ സന്ദേഹം പുതിയതല്ല. പ്രവാചകൻ(സ) നേരിട്ട അതേ സന്ദേഹമാണിത്. അനുയായികൾ ഈ ചോദ്യം പലപ്പോഴും ചോദിച്ചിട്ടുണ്ട്. അവിടുന്നു പറഞ്ഞതേ നമുക്കും പറയാനുള്ളൂ. കഴിഞ്ഞ കുറെ ദശകങ്ങളായി അനുകൂലമായ വമ്പിച്ച മാറ്റങ്ങളാണ് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങൾ ഇസ്‌ലാമിന്റെ അന്തിമവിജയത്തിലേക്കുള്ള ചുവടു വെപ്പുകൾ തന്നെയാണെന്നതിൽ സംശയമില്ല.

**◣ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ രാഷ്ട്രീയ നയപ്രഖ്യാപനത്തിൽ സ്ത്രീകൾക്കും അമുസ്‌ലിംകൾക്കും ഈജിപ്തിലെ പരമോന്നത പദവിയൊഴികെയുള്ള സ്ഥാനങ്ങൾ നൽകുന്നതാണെന്ന പരാമർശത്തെ താങ്കൾ എതിർത്തിരുന്നുവല്ലോ?**

ഇസ്‌ലാമിൽ ഖലീഫ പുരുഷനായിരിക്കും, മുസ്‌ലിമായിരിക്കും തുടങ്ങിയ വിധികൾ മുമ്പിൽവെച്ചുകൊണ്ടുള്ള വർത്തമാനങ്ങളാണത്. ഇന്നിപ്പോൾ അതിനു പ്രസക്തിയില്ല എന്നാണ് ഞാൻ കരുതുന്നത്. കാരണം ഈജിപ്തിനെപ്പറ്റിയാണ് അവിടുത്തെ ഇഖ്‌വാൻ സംസാരിക്കുന്നത്, ലോക ഖിലാഫത്തിനെപ്പറ്റിയല്ല. ഈജിപ്ത് ലോകത്തെ ഒരു പ്രദേശം മാത്രമാണ്, എന്നിരിക്കെ അവിടെ ഉണ്ടാകാൻ പോകുന്ന ഭരണാധികാരിയെ ഖലീഫയായി ഗണിക്കുന്നത് ശരിയല്ല. അതുകൊണ്ടുതന്നെ സ്ത്രീകൾക്കും അമുസ്‌ലിംകൾക്കും പരമോന്നതപദവി അനുവദനീയമല്ല എന്നു പറയേണ്ട കാര്യമില്ല. കോപ്റ്റിക് ക്രിസ്ത്യാനികളാണ് ഈജിപ്തിലെ അമുസ്‌ലിംകൾ. ന്യൂനാൽ ന്യൂനപക്ഷമായ അവർക്ക്, തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടാൻ ഒരു സാധ്യതയുമില്ലെന്നിരിക്കെ, എന്തിന് അവർക്ക് ഖലീഫയാകാൻ യോഗ്യതയില്ല എന്നു പറയണം?

**◣ ഇന്ത്യയിലെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പറ്റി?**

എട്ടുനൂറ്റാണ്ട് ഇന്ത്യ ഭരിച്ചിട്ടും മുസ്‌ലിംകൾക്ക് അന്യസമൂഹങ്ങളിലേക്ക് തങ്ങളുടെ ആദർശം വേണ്ടവിധം പകർന്നു കൊടുക്കാൻ സാധിക്കാതെ പോയത് എന്നെ ആശ്ചര്യപ്പെടുത്തുന്നു. ഇക്കാര്യം മസ്ഊദ് ആലം നദ്‌വി വിശദമായി എഴുതിയത് ഞാൻ വായിച്ചിട്ടുണ്ട്. ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ അന്യ സമൂഹങ്ങളെ ഗുണകരമായി സ്വാധീനിക്കാൻ മുസ്‌ലിംകൾക്ക് സാധിക്കേണ്ടതുണ്ട്.

**◣ ഇന്ത്യൻ മുസ്‌ലിംകൾ ചില കേന്ദ്രങ്ങളിൽനിന്ന് നേരിടുന്ന ശാരീരിക ഉന്മൂലന ഭീഷണിയോട് തുല്യനാണയത്തിൽ പ്രതികരിക്കുന്നതിനെക്കുറിച്ച് എന്താണഭിപ്രായം?**

അത്തരം പ്രതിരോധം ദോഷമേ ചെയ്യൂ. മുസ്‌ലിംകളെ സംരക്ഷിക്കേണ്ടതുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, അതു രാഷ്ട്രത്തിന്റെ മേൽ സമ്മർദം ചെലുത്തി, രാഷ്ട്രത്തെ കൊണ്ടുതന്നെ ചെയ്യിക്കാനാണ് ശ്രമിക്കേണ്ടത്. അല്ലാതെ സ്വന്തം മിലീഷ്യയുണ്ടാക്കിക്കൊണ്ടല്ല. ഇന്ത്യ പോലുള്ള ശക്തമായ ജനാധിപത്യ സംവിധാനം നിലനിൽക്കുന്നൊരു രാഷ്ട്രത്തിൽ ആ ജനാധിപത്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധം തീർക്കുകയാണ് വേണ്ടത്.

**◣ ഇസ്‌ലാമിക പ്രസ്ഥാനത്തോട് എന്താണ് പറയാനുള്ളത്?**

രാഷ്ട്രീയ പങ്കാളിത്തം പ്രസ്ഥാനം ഗൗരവത്തിലെടുക്കണം. ഇക്കാലത്ത് ഇന്ത്യപോലുള്ള രാജ്യത്ത് മതപരമായിത്തന്നെ നിർബന്ധമാണത്. രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുക്കാതെ മാറിനിന്നാൽ അത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വലിയ ദോഷം ചെയ്യും.

ജമാഅത്തെ ഇസ്‌ലാമി സമാനമനസ്കരെക്കൂടി ഉൾപ്പെടുത്തി ഒരു പാർട്ടിയുണ്ടാക്കുകയാണ് വേണ്ടത്. അതൊരു സ്വതന്ത്ര ജനകീയ പാർട്ടിയായിരിക്കണം. മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും അതിൽ പങ്കാളിത്തമുണ്ടാവണം. നീതി, സ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങൾ പോലുള്ള വിഷയങ്ങൾ ഏറ്റെടുത്ത് അത് മുന്നോട്ടുപോകണം. ■